**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1107** **31-01-2024 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി നിയോജക മണ്ഡലത്തിലെ ജല ജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജല ജീവൻ പദ്ധതികളുടെ പുരോഗതി അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയുടെ അവലോകനം വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. ബഹുമാനപെട്ട മുഖ്യമന്ത്രിയുടെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജല ജീവൻ മിഷൻ പദ്ധതി ബഹുമാനപെട്ട മുഖ്യമന്ത്രി നേരിട്ട് അവലോകനം നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകുന്നുണ്ട്. ബഹുമാനപെട്ട ജല വിഭവ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലകൾ തോറും ജല ജീവൻ മിഷൻ അവലോകനയോഗങ്ങൾ നടത്തുന്നുണ്ട്. കൂടാതെ പട്ടാമ്പി നിയോജക മണ്ഡലത്തിൽ തഹസിൽദാറുടെ നേതൃത്വത്തിൽ എല്ലാ മാസവും അവലോകന യോഗം നടത്താറുണ്ട്. പട്ടാമ്പി മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജല ജീവൻ പദ്ധതി നടപ്പിലാക്കുമ്പോൾ ഗ്രാമീണ റോഡുകളിൽ അനുഭവപ്പെടുന്ന യാത്രാ ക്ലേശവും ഈ റോഡുകളിൽ ഉണ്ടാകുന്ന അപകടങ്ങളും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ (എസ്.എൽ.എസ്.എസ്.സി) അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽകാലികമായി പുനസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ അൺ റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽനിന്നും കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ ഭാഗമായുള്ള അൺ-ടൈഡ് ഗ്രാന്റ് |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള ഫണ്ടിൽനിന്നും സ്ഥലം വാങ്ങൽ, റോഡ് പുനഃസ്ഥാപനം എന്നിവയുൾപ്പെടെയുള്ള പ്രാദേശികമായ ആവശ്യങ്ങൾക്ക് (മറ്റുപ്രവർത്തികളിൽ പ്രസ്തുത തുക വകയിരുത്തിയിട്ടില്ലായെന്ന് ഉറപ്പുവരുത്തി) ആവശ്യമായ ഫണ്ട് കണ്ടെത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാലും അഞ്ചും ആറും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്.<br><br>നിയോജക മണ്ഡലത്തിൽ റോഡുകളിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ റോഡ് പുനരുദ്ധാരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ഓങ്ങല്ലൂർ, വല്ലപ്പുഴ പഞ്ചായത്തുകളിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുള്ളതാണ്. മുതുതല, തിരുവേഗപ്പുര പഞ്ചായത്തുകളിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (സി) | നിലവിൽ ഏതെല്ലാം പഞ്ചായത്തുകളിൽ പദ്ധതി പ്രവൃത്തി പൂർത്തികരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട് എന്ന വിവരം അറിയിക്കാമോ; | (സി) | നിലവിൽ പട്ടാമ്പി നിയോജക മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികളൊന്നും കമ്മീഷൻ ചെയ്തിട്ടില്ല. |
| (ഡി) | ബാക്കി പ്രദേശങ്ങളിലെ പ്രവൃത്തികൾ ഏത് കാലയളവിൽ പൂർത്തികരിച്ച് കമ്മീഷൻ ചെയ്യുന്നതിന് സാധിക്കുമെന്ന് അറിയിക്കാമോ? | (ഡി) | നിലവിലെ സാഹചര്യത്തിൽ പട്ടാമ്പി നിയോജക മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികൾ 2024 മെയ് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജല ജീവൻ പദ്ധതികളുടെ വിശദവിവരങ്ങൾ

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | ജല ജീവൻ മിഷൻ തുടങ്ങിയതിനു ശേഷം നൽകിയ കണക്ഷൻ |
|---|---|---|---|---|
| 1 | കൊപ്പം | 6898 | 1894.00 | 6967 |
| 2 | കുളുക്കല്ലൂർ | 5426 | 1915.00 | 5148 |
| 3 | മുതുതല | 4993 | 4509.80 | 899 |
| 4 | ഓങ്ങല്ലൂർ | 8948 | 6073.64 | 818 |
| 5 | തിരുവേഗപ്പുര | 4107 | 4441.80 | 1608 |
| 6 | വല്ലപ്പുഴ | 5746 | 3785.00 | 2278 |
| 7 | വിളയൂർ | 3866 | 1731.00 | 4019 |
| **ആകെ** | | **39984** | **24350.24** | **21737** |